# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകിയും സീനിയർ ക്ലാർക്കുമാരുടെ പ്രൊമോഷൻ പ്രാബല്യതീയതി പുന:ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.സി2/22493/2016/കോവിവ തീയതി 02.05.2017

---

പരാമർശം;- 1. 23.05.2014 തീയതിയിലെ സി2/14015/2014 നമ്പർ ഉത്തരവ്
2. 01.06.2015 തീയതിയിലെ സി2/14015/2014 നമ്പർ ഉത്തരവ്
3. 05.03.2016 തീയതിയിലെ സി2/14015/2014 നമ്പർ ഉത്തരവ്
4. 09.11.2016 തീയതിയിലെ സി2/22493/2016 നമ്പർ ഉത്തരവ്

## ഉത്തരവ്

05.04.2014 തീയതിയിലെ സി2/38006/2013/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച, ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിലെ ക്രമ നം.2 ശ്രീ.മനോജ്.എൻ.പി 01/2014-ൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. 28.01.1995-ൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച പട്ടാമ്പി ശ്രീ.നീലകണ്ഠാ ഗവൺമെന്റ് സംസ്കൃത കോളേജിലെ ശ്രീ.സൈദലവി.പി 10.04.2010-ൽ 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. പരാമർശം (4)-ലെ ഉത്തരവ് പ്രകാരം കെ.എസ് & എസ്.എസ്.ആർ ഭാഗം 2 റൂൾ 13 (എ) (2) പ്രകാരം ടെസ്റ്റ് യോഗ്യത കൈവരിക്കുന്നതിൽ ഇളവ് നൽകി 09.11.2016 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയിരുന്ന ശ്രീമതി.കെ.കവിത 07/16-ൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പരീക്ഷ വിജയിച്ചിട്ടുണ്ട്. അർഹതപ്പെട്ട സീനിയോറിറ്റി അനുവദിച്ച് നൽകണമെന്ന് ശ്രീമതി.കെ.കവിത അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.മനോജ്.എൻ.പി, അക്കൗണ്ട് ടെസ്റ്റ് (ലോവർ) പരീക്ഷ വിജയിച്ചതിനു ശേഷം സീനിയർ ക്ലാർക്കിന്റെ ഒഴിവ് നിലവിൽ വന്നത് 07.02.2014 തീയതിയിലാണ്. ഈ സാഹചര്യത്തിൽ ശ്രീ.മനോജ്.എൻ.പിയ്ക്ക് 07.02.2014 തീയതി പ്രാബല്യത്തിൽ 25200-54000/- രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയും പരാമർശം (1) ലെ ഉത്തരവ് പ്രകാരം 07.02.2014 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയിരുന്ന ശ്രീ.നിഷാദ്ഖാൻ.എസ്-ന്റെ തൊട്ട് മുകളിലായി സീനിയോറിറ്റി നൽകിയും ഉത്തരവാകുന്നു.

10.04.2010-ൽ 50 വയസ്സ് പൂർത്തിയായ ശ്രീ.പി.സൈദലവി 11.10.2006 മുതൽ 07.10.2014 വരെ ശൂന്യവേതനാവധിയിലായിരുന്നു. 08.10.2014-ൽ തിരികെ ജോലിയിൽ പ്രവേശിച്ച ശ്രീ.പി.സൈദലവിയുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം 23.06.1999 തീയതിയിലെ സി4/13512/1999 നമ്പർ ഉത്തരവ് പ്രകാരം 11.03.1999 തീയതി പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.പി.സൈദലവിയ്ക്ക് 07.01.2015 തീയതി പ്രാബല്യത്തിൽ 25200-54000/- രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകി ഉത്തരവാകുന്നു. സീനിയർ

GOVERNMENT OF KERALA
6441 69

ക്ലാർക്കുമാരുടെ സീനിയോറിറ്റി കണക്കാക്കുമ്പോൾ ശ്രീ.പി.സൈദലവിയുടെ സ്ഥാനം ശ്രീമതി.ലത.എം-ന് താഴെയും ശ്രീ.പ്രശാന്ത്.എൻ.പിയ്ക്കു മുകളിലുമായിരിക്കും.

ശ്രീ.മനോജ്.എൻ.പി, ശ്രീ.സൈദലവി.പി എന്നിവർക്കു യഥാക്രമം 07.02.2014, 07.01.2015 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പേരു ചേർക്കുന്ന സീനിയർ ക്ലാർക്കുമാരുടെ പ്രൊമോഷൻ പ്രാബല്യതീയതി താഴെ പറയും പ്രകാരം പുനഃക്രമീകരിച്ചും ഉത്തരവാകുന്നു.

| ക്രമ നം. | പേര് | സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയ ഉത്തരവും തീയതിയും | പ്രാബല്യം നൽകിയിരുന്ന തീയതി | പുനഃ ക്രമീകരിക്കുന്ന തീയതി |
|---|---|---|---|---|
| 1. | ബിനിൽ.എം.പി | സി2/14015/14 തീയതി 23.05.14 | 07.02.2014 | 23.02.2014 |
| 2. | മിനിമോൾ.പി.വി | സി2/14015/14 തീയതി 23.05.14 | 23.02.2014 | 28.02.2014 |
| 3. | അനീഷ് കുമാർ.എം.എ | സി2/14015/14 തീയതി 01.06.15 | 07.01.2015 | 06.05.2015 |
| 4. | ബിജോയ് ജോൺ.കെ | സി2/14015/14 തീയതി 05.03.16 | 06.05.2015 | 22.06.2015 |
| 5. | രശ്മി.പി.ആർ | സി2/14015/14 തീയതി 05.03.16 | 22.06.2015 | 06.11.2015 |
| | (സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി കണക്കാക്കുമ്പോൾ ശ്രീമതി.രശ്മി.പി.ആർ-ന്റെ സ്ഥാനം ശ്രീ.മധുസൂദനൻ പൊന്നമ്പത്തിന് താഴെയും ശ്രീമതി.ദിവ്യ.സി.ജിയ്ക്ക് മുകളിലുമായിരിക്കും) | | | |
| 6. | റീന.പി | സി2/14015/14 തീയതി 05.03.16 | 06.11.2015 | 12.11.2015 |
| 7. | പ്രതാബ്.ബി.വി | സി2/22493/16 തീയതി 05.03.16 | 12.11.2015 | 04.12.2015 |
| 8. | കവിത.കെ | സി2/22493/16 തീയതി 09.11.16 | 09.11.2016 | 04.12.2015 |
| | (കെ.എസ്.&എസ്.എസ്.ആർ ഭാഗം 2 റൂൾ 13 (എ) (2) പ്രകാരം ഇളവു നൽകി 09.11.16 തീയതി പ്രാബല്യത്തിൽപ്രൊമോഷൻ നൽകിയിരുന്നു. 07/16-ൽ യോഗ്യത നേടിയതിനാൽ സീനിയോറിറ്റി അനുസരിച്ച് അർഹതപ്പെട്ട തീയതി പ്രാബല്യം നൽകുന്നു. സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി കണക്കാക്കുമ്പോൾ ശ്രീമതി.കവിത.കെയുടെ സ്ഥാനം അപർണ.എൻ-നു താഴെയും ശ്രീമതി.പ്രസീത.ടി.ജിയ്ക്കു മുകളിലുമായിരിക്കും) | | | |
| 9. | ബിനുകുമാർ.കെ | സി2/22499/16 തീയതി 09.11.16 | 04.12.2015 | 29.12.2015 |
| 10. | രാജേഷ്.വി.കെ | സി2/22499/16 തീയതി 09.11.16 | 04.12.2015 | 31.12.2015 |
| 11. | എസ്.കിരൺ | സി2/22499/16 തീയതി 09.11.16 | 09.02.2016 | 13.02.2016 |
| | (ശ്രീ.എസ്.ശരത്കുമാർ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ്. 09.02.2016-ൽ യോഗ്യത നേടിയ എസ്.കിരണിന്റെ പ്രൊമോഷൻ പ്രാബല്യ തീയതി 13.02.2016 ആയി പുനഃക്രമീകരിക്കുന്നു. സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി കണക്കാക്കുമ്പോൾ എസ്.കിരണിന്റെ സ്ഥാനം റോബിൻ.വി.എസ്-ന് താഴെയും ശ്രീമതി.അനിത.വി.എയ്ക്കു മുകളിലുമായിരിക്കും) | | | |
| 12. | അനിത.വി.എ | സി2/22499/16 തീയതി 09.11.16 | 03.02.2016 | 19.02.2016 |
| 13. | ബിന്ദു.ടി.പി | സി2/22499/16 തീയതി 09.11.16 | 29.02.2016 | 19.02.2016 (അപേക്ഷാ തീയതിയ്ക്ക് ശേഷമുള്ള ആറാമത്തെ ഒഴിവ്) |

| ക്രമ നം. | പേര് | സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയ ഉത്തരവും തീയതിയും | പ്രാബല്യം നൽകിയിരുന്ന തീയതി | പുന: ക്രമീകരിക്കുന്ന തീയതി |
|---|---|---|---|---|
| 14. | സനോജ്.ടി | സി2/22499/16 തീയതി 09.11.16 | 19.02.2016 | 29.02.2016 |
| 15. | സൗമ്യ.കെ | സി2/22499/16 തീയതി 09.11.16 | 19.02.2016 | 29.04.2016 |
| 16. | ശ്രീജ.ജെ.പി | സി2/22499/16 തീയതി 09.11.16 | 29.04.2016 | 27.05.2016 |
| 17. | പത്മകല.എൻ | സി2/22499/16 തീയതി 09.11.16 | 27.05.2016 | 30.06.2016 |
| (പത്മകല.എൻ-ന്റെ പ്രാബല്യ തീയതി 30.06.2016 ആയി പുന:ക്രമീകരിച്ച സാഹചര്യത്തിൽ സീനിയർ ക്ലാർക്ക് മാരുടെ സീനിയോറിറ്റി കണക്കാക്കുമ്പോൾ ടിയാളുടെ സ്ഥാനം ശ്രീമതി.സരോജിനി.എം.പിയ്ക്ക് തൊട്ടു താഴെയും ശ്രീമതി.സബിത ജെയിംസിന് മുകളിലുമായിരിക്കും) | | | | |

പരാമർശം (4)-ലെ ഉത്തരവ് പ്രകാരം കെ.എസ്&എസ്.എസ്.ആർ ഭാഗം 2 റൂൾ 13 (എ) (2) പ്രകാരം ടെസ്റ്റ് യോഗ്യത കൈവരിക്കുന്നതിൽ ഇളവു നൽകി 3 വർഷത്തിനുള്ളിൽ യോഗ്യത കരസ്ഥമാക്കണമെന്ന നിബന്ധനയോടു കൂടി 09.11.2016 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി പ്രൊമോഷൻ നൽകിയ ശ്രീമതി.എം.നിർമ്മലയുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച് ഉത്തരവായിട്ടില്ലെന്നു കണ്ടെത്തിയതിനാൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ റദ്ദാക്കിയിരുന്നു. 17.07.2015 തീയതി പ്രാബല്യത്തിൽ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 09.11.2016 തീയതി പ്രാബല്യത്തിൽ നൽകിയ സ്ഥാനകയറ്റം പുന:സ്ഥാപിച്ചു നൽകണമെന്ന് ശ്രീമതി.എം.നിർമ്മല അപേക്ഷിച്ചിരിക്കുന്നു.

ശ്രീമതി.എം.നിർമ്മലയുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം 20.02.2017 തീയതിയിലെ സി2/3311/2017/കോ.വിവ നമ്പർ ഉത്തരവ് പ്രകാരം 17.07.2015 തീയതി പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ശ്രീമതി.എം.നിർമ്മലയ്ക്കു കെ.എസ്&എസ്.എസ്.ആർ ഭാഗം 2 റൂൾ 13 (എ) (2) പ്രകാരം ടെസ്റ്റ് യോഗ്യത കൈവരിക്കുന്നതിൽ ഇളവ് നൽകി, 3 വർഷത്തിനുള്ളിൽ യോഗ്യത കരസ്ഥമാക്കണമെന്നു നിബന്ധനയോടുകൂടി 09.11.2016 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയും ഉത്തരവാകുന്നു.

(ഒപ്പ്/-)
റ്റി.വി.കൃഷ്ണകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :-

1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) സ്ഥാപന മേധാവികൾക്ക്
3) സി1 സീറ്റ് (സീനിയോറിറ്റി ലിസ്റ്റിൽ അർഹതപ്പെട്ട സ്ഥാനം ഈ ഉത്തരവ് പ്രകാരം നൽകേണ്ടതാണ്)
4) കരുതൽ ഫയൽ/നടപ്പുഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

64417 എസ്.ആർ/04.05.2017